**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2164** | **14-10-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഡയറക്ടേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിലെ റാങ്ക് ലിസ്റ്റുകൾ നിലനിൽക്കുമ്പോൾ വിവിധ ജില്ലകളിലെ ഒഴിവുകളിൽ കഴിഞ്ഞ രണ്ട് വർഷവും താൽക്കാലികക്കാരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | **ആരോഗ്യ വകുപ്പിലെ നേഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-2) കേഡറിലെ അനുവദനീയ തസ്തികകളിൽ (sanctioned post) താൽക്കാലിക നിയമനം നടത്തിയിട്ടില്ല. നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം)/ഹോസ്പ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി)/പഞ്ചായത്ത് എന്നിവ മുഖേന നേഴ്സുമാരെ താത്ക്കാലികമായി നിയമിച്ചിട്ടുള്ളത് അനുവദനീയ തസ്തികകളിലല്ല.** |
| (ബി) | കാറ്റഗറി നമ്പർ 418/2019 പ്രകാരമുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ ഇനി ചുരുങ്ങിയ സമയം മാത്രമാണുള്ളതെന്ന കാര്യം പരിഗണിച്ച് ത്വരിതഗതിയിൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ നടപടി വേഗത്തിലാക്കാൻ പി.എസ്.സി.യോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ; | (ബി) | **നേഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-2) തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളെല്ലാം സമയബന്ധിതമായി ജില്ലാ മെഡിക്കൽ ഓഫീസർമാർ പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി നിയമന ശിപാർശ നൽകുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നുമുണ്ട്.** |
| (സി) | സർക്കാർ മേഖലയിൽ നിരവധി ഫാമിലിഹെൽത്ത് സെന്ററുകളും ചെറിയ ആശുപത്രികളും ഉടങ്ങിയ പശ്ചാത്തലത്തിൽ കൂടുതൽ നഴ്സുമാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ; | (സി) | **ആരോഗ്യ വകുപ്പിലെ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ അനിവാര്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ സർക്കാർ** പരിശോധിച്ചുവരുന്നുണ്ട്. |
| (ഡി) | ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിലെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച എം1/116/2024 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (ഡി) | **ആരോഗ്യ വകുപ്പിലെ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ അനിവാര്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ സർക്കാർ** പരിശോധിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ